ഈ വിദ്യാലയം മലബാർ ഡിസ്ട്രിക്ട് ബോർഡിനു കീഴിൽ 1955 നവംബർ മാസം 22ന് ഏകാദ്ധ്യാപക വിദ്യാലയമായി ആരംഭിച്ചു. ശ്രീ. എം.സി. ബാലകൃഷ്ണൻ നമ്പ്യാരായിരുന്നു സ്കൂളിന്റെ സ്ഥാപക ഹെഡ്മാസ്റ്റർ. വിദ്യാലയം ആരംഭിക്കുന്നതിനു മുമ്പ് കാട്ടിക്കുളത്തെ പള്ളിപ്പടിഞ്ഞാറ്റേതിൽ യശശ്ശരീരനായ ഫിലിപ്പ് മാസ്റ്റർ ഒരു ട്യൂഷൻ സെന്റർ നടത്തിയിരുന്നു. ഈ സെന്ററിൽ നിന്നുള്ള കുട്ടികളടക്കം ഒന്നു മുതൽ മൂന്നു വരെ ക്ലാസ്സുകളിലായി 43 കുട്ടികൾ ആരംഭത്തിൽ ഉായിരുന്നു. ഇന്നത്തെ ആർ.ടി.ഒ ആഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മമ്മു അധികാരിക്കുായിരുന്ന ഒരു കെട്ടിടത്തിലാണ് സ്കൂൾ ആരംഭിച്ചത്. തുടർന്ന് കാട്ടിക്കുളം ആന്റ് ആലത്തൂർ എസ്റ്റേറ്റ് ഉടമകളായ ഹ്യൂബർട്ട് വാൻ ഇൻഗൻ, ജൂബർട്ട് വാൻ ഇൻഗൻ എന്നീ സഹോദരൻമാർ ആദ്യമായി നൽകിയ ഇന്നത്തെ സ്ഥലത്ത് നാട്ടുകാരുടെ സഹകരണത്തോടെ ഒരു ഓല ഷെഡ് നിർമ്മിച്ചു. വിദ്യാലയം സ്ഥാപിക്കുന്നതിനും ആവശ്യമായ ഭൗതീക സൗകര്യങ്ങളൊരുക്കുന്നതിനും തദ്ദേശവാസികളായ അണമല വീട്ടിലെ ശ്രീ.വി.സി തിമ്മപ്പൻ ചെട്ടി, മമ്മു അധികാരി, കണ്ണൻ നായർ, പഞ്ചായത്ത് പ്രസിഡ്, ശ്രീ.എം. കൃഷ്ണവാര്യർ, അംശം മേനോൻ ശ്രീ. സി.എം. ഗോവിന്ദൻ നായർ തുടങ്ങിയവർ നൽകിയ സേവനങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. അതോടൊപ്പം തന്നെ കൂടുതൽ കുട്ടികളെ സ്ക്കൂളിലെത്തിക്കുന്നതും സ്ക്കൂളിന്റെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നേതൃത്വപരമായ പങ്കുവഹിച്ചത് ശ്രീ.എം. നാരായണൻ നമ്പൂതിരി മാസ്റ്ററാണെന്നും എടുത്തു പറയേതാണ്. 1957-58 ൽ വിദ്യാലയം യൂ.പി.യായി ഉയർത്തപ്പെട്ടു.

പിൽക്കാലത്ത് ശ്രീ.അനന്തൻ മാസ്റ്റർ ദീർഘകാലം ഹെഡ്മാസ്റ്ററായി ഇവിടെ സേവനമനുഷ്ടിച്ചു. ഇദ്ദേഹത്തോടൊപ്പം ശ്രീ.വി.സി. പുരുഷോത്തമൻ, കെ.മോഹൻകുമാർ, പി.കെ. രാജൻ, പി.എ. ഭാസ്ക്കരൻ തുടങ്ങിയ നിരവധി അദ്ധ്യാപകർ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇക്കാലത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് രുകെട്ടിടങ്ങളും ബ്ലോക്കിൽ നിന്ന് കിണറും അനുവദിച്ചു കിട്ടുകയും ചെയ്തു. ഏറെ പറയാനു് - ഒത്തിരി പേരെ സ്മരിക്കാനു് - എങ്കിലും ഈ വിദ്യാലയത്തിന്റെ കാൽ നൂറ്റാുകാലത്തെ ചരിത്രം ഇങ്ങനെ സംഗ്രഹിക്കുന്നു.

ഇക്കാലമത്രയും സെക്കന്ററി വിദ്യാഭ്യാസത്തിനായി കുട്ടികൾ മാനന്തവാടിയിലോ പയ്യമ്പള്ളിയിലോ പോകേി വന്നു. മിക്ക കുട്ടികളുടെയും പഠനം ഏഴാം ക്ലാസ്സോടെ അവസാനിക്കുകയും ചെയ്തു. അന്നത്തെ തിരുനെല്ലി പഞ്ചായത്ത് പ്രസിഡ് യശശ്ശരീരനായ കെ.സി. കുമാരൻ ചെയർമാനായി ഒരു സ്ക്കൂൾ സ്പോൺസറിംഗ് കമ്മറ്റി രൂപീകരിച്ച് കമ്മറ്റിയുടെ നേതൃത്വത്തിൽ നാട്ടുകാർ ഒരു ഹൈസ്ക്കൂൾ അനുവദിച്ചുകിട്ടുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

1980-ൽ രജത ജൂബിലി വർഷത്തിൽ വിദ്യാലയം ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. എട്ടാം ക്ലാസ്സ് ആരംഭിക്കുകയും ശ്രീ.എൻ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ ഇവിടെ ടീച്ചർ ഇൻ ചാർജ്ജായി ചുമതലയേൽക്കുകയും ചെയ്തു. ഹൈസ്ക്കൂൾ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള സ്ഥലമോ മറ്റ് സൗകര്യങ്ങളോ ഒന്നും തന്നെ ഉായിരുന്നില്ല. കമ്മറ്റി വാൻ ഇൻഗൻ സഹോദരൻമാരെ സമീപിക്കുകയും അവർ വീും സ്ഥലം സംഭാവനയായി നൽകുകയും ചെയ്തു. ശ്രീമാൻമാർ അനന്തൻ നമ്പ്യാർ, ഇ.ഡി. തിമ്മപ്പൻ ചെട്ടി, ടി.സി. ജോസഫ്, പാലത്തിങ്കൽ ചന്ദ്രശേഖരൻ തുടങ്ങി ധാരാളം സുമനസ്സുകൾ സ്പോൺസറിംഗ് കമ്മറ്റിയോടൊപ്പം പ്രവർത്തിച്ചു. കമ്മറ്റിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ അർപ്പണ മനോഭാവത്തോടെയും സജീവ സാന്നിദ്ധ്യമായി പ്രവർത്തിച്ചത് എൻ.കുഞ്ഞിക്കണ്ണൻ മാസ്റ്ററായിരുന്നു. അക്കാലത്ത് പി.ടി.എ. പ്രസിഡായി സേവനമനുഷ്ടിച്ച ശ്രീ. ടി.സി. ജോസഫ് എല്ലാം കോർത്തിണക്കുന്നതിന് അശ്രാന്ത പരിശ്രമം ചെയ്യുകയും ചെയ്തു. ഇവരോടൊപ്പം ഹൈസ്ക്കൂളിന്റെ ഹെഡ്മാസ്റ്ററായി ശ്രീ.കെ. ചന്ദ്രൻ മാസ്റ്ററും നേതൃത്വ നിരയിലുായിരുന്നു.ഇക്കാലത്ത് മിക്ക അദ്ധ്യാപകരും തെക്കൻ തിരുവിതാംകൂറിൽ നിന്നുള്ളവരായിരുന്നു. അവരിൽ തന്നെ ഭൂരിഭാഗവും താൽക്കാലിക അദ്ധ്യാപകരും. അദ്ധ്യാപക തസ്തികകൾ പലതും ഒഴിഞ്ഞുകിടന്നു. കുട്ടികളുടെയും രക്ഷിതാക്കളുടെയും താൽപര്യക്കുറവ്, ഹാജർ നിലവാരം, യാത്രാക്ലേശങ്ങൾ, സെഷനൽ സമ്പ്രദായം, കെട്ടിടങ്ങളുടെ അഭാവം, സാമ്പത്തീക പിന്നോക്കാവസ്ഥ തുടങ്ങി നിരവധി പ്രശ്നങ്ങൾ സ്ക്കൂളിലെ പഠനനിലവാരത്തേയും ബാധിച്ചു. 83 ലെ ആദ്യ എസ്.എസ്.എൽ.സി ബാച്ചിൽ എൽസി എന്ന ഒരു വിദ്യാർത്ഥി മാത്രമാണ് ജയിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ പിന്തുണാ സംവിധാനം ദുർബലമാവുകയും ചെയ്തു. എങ്കിലും തളരാതെ പിടിച്ചു നിൽക്കാൻ സഹായിച്ചത് എൻ. കുഞ്ഞിക്കണ്ണൻ മാസ്റ്ററായിരുന്നു. കോഫി ബോർഡിന്റെയും സ്റ്റാഫ് കൗൺസിലിന്റെയും സാമ്പത്തീക സഹകരണത്തോടെ ഇപ്പോഴുള്ള സ്റ്റാഫ് മുറി പണിതത് ഇക്കാലത്താണ്. സ്ക്കൂൾ പരിസരം ഹരിതാഭമാക്കൽ, പൂന്തോട്ടങ്ങൾ, പച്ചക്കറിത്തോട്ടങ്ങൾ, കളിസ്ഥലം വിപുലപ്പെടുത്തൽ, തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കുഞ്ഞിക്കണ്ണൻ മാസ്റ്റർ നേതൃത്വം നൽകി. പച്ചക്കറിത്തോട്ടങ്ങൾക്ക് രുവർഷം

ജില്ലാതലത്തിൽ കൃഷിവകുപ്പിൽ നിന്ന് സമ്മാനങ്ങളും ലഭിച്ചു. ഈ തുക നിക്ഷേപിച്ചത് അതിന്റെ പലിശ കൊ് വർഷാവർഷം സ്ക്കൂളിലെ കാർഷികപ്രവർത്തനങ്ങൾക്കുള്ള പണം കത്തൊനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു അദ്ധേഹം. ഭൗതീക സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി കാട്ടിക്കുളത്തെ ഫ്രസ് റിക്രിയേഷൻ ക്ലബ് രു ക്ലാസ്സ്മുറികളുള്ള ആസ്ബെസ്റ്റോസ് മേഞ്ഞ ഒരു കെട്ടിടം നൽകി. ശ്രീ.ടി.സി. ജോസഫ് പ്രസിഡാ യിരുന്ന കാലത്ത് ഒരു സ്റ്റേജ് നിർമ്മിച്ചു. ഇതിനാവശ്യമായ ഓട് നൽകിയത് ശ്രീ.ടി.കെ. രാജനാണ്. ആറാം ക്ലാസ്സിൽ പഠിച്ചിരുന്ന എൻ.കെ. പ്രദീപൻ എന്ന കുട്ടിയുടെ അകാലനിര്യാണത്തെ തുടർന്ന് കുട്ടിയുടെ പ ിതാവ് രാംഗേറ്റിലെ നാണുവേട്ടൻ ആറാം തരം മുതൽ പത്താം തരം വരെ പഠിക്കുന്ന മികച്ച വിദ്യാർത്ഥി കൾക്കായി ഒരു സ്കോളർഷിപ്പും ഏർപ്പെടുത്തി. സ്പോർട്സ് രംഗത്ത് മികച്ച സംഭാവനകൾ നൽകാൻ വിദ്യാ ലയത്തിനു കഴിഞ്ഞു. കുട്ടികളെ പരിശീലിപ്പിക്കുന്നതിൽ അക്കാലത്തെ കായികാദ്ധ്യാപകൻ കുഞ്ഞിക്കണ്ണൻ മാസ്റ്റർ കൂടുതൽ സമയം കത്തെി. സംസഥാനതല യുവജനോത്സവത്തിൽ സി.ജി. സന്തോഷ്, കെ.വി. സുധീപ് എന്നിവർ കവിതയ്ക്കും പ്രസംഗത്തിനും സമ്മാനങ്ങൾ നേടി. സമീപ പ്രദേശത്തെ വിദ്യാലയങ്ങളിൽ വെച്ച് ഏറ്റവും നന്നായും വൃത്തിയായും ഉച്ചക്കഞ്ഞി പാകപ്പെടുത്തി നൽകിയിരുന്നതും ഈ വിദ്യാലയമായിരു ന്നു എന്നതും കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. കലാകായിക രംഗങ്ങളിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന തിനായി പാലത്തുങ്കൽ ചന്ദ്രശേഖരൻ, വി.സി. തിമ്മപ്പൻ ചെട്ടി, സെയ്ന്റ് പീറ്റേഴ്സ് ചർച്ച്, എൻ. കുഞ്ഞിക്ക ണ്ണൻ മാസ്റ്റർ എന്നിവർ ട്രോഫികളും ഏർപ്പെടുത്തി. ഇത്രയും ഈ വിദ്യാലയത്തിന്റെ ചരിത്രത്തിന്റെ **രണ്ടാം ഘട്ടം.**